NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR- NIDAS

Date: 17/12/2016

# TITLE: കേൾവിക്കുറവുള്ള കുട്ടികളുടെ അധിവാസം/പുനരധിവാസം- ഓഡിറ്ററി വെർബൽ തെറാപ്പിയുടെ പ്രാധാന്യവും ആവശ്യകതയും

Vocational Paper Series No: 14 Vol: 2016/12

ആംഗ്യങ്ങളിലൂടെയോ അധരചലനങ്ങളിലൂടെയോ അല്ലാതെ ശ്രവണം കൊണ്ട് മാത്രം സംസാരഭാഷ പരിശീലിപ്പിക്കുന്ന ഒരു രീതിയാണ് ഓഡിറ്ററി വെർബൽ തെറാപ്പി. കേൾവിക്കുറവുള്ള കുട്ടികളിൽ അവശേഷിക്കുന്ന കേൾവിശക്തി (Residual Hearing) പരമാവധി പ്രയോജനപ്പെടുത്തി കേട്ടു മാത്രം സംസാരഭാഷ പഠിക്കുന്നതിനായി ഓഡിറ്ററി വെർബൽ തെറാപ്പി പ്രയോജനപ്പെടുന്നു. ഇതിനായി ഹിയറിങ് എയ്ഡ് അല്ലെങ്കിൽ കോക്ലീയർ ഇംപ്ലാൻറ് എന്നീ ശ്രവണസഹായികളുടെ സഹായം കുട്ടികൾക്ക് അത്യന്താപേക്ഷികമാണ്.

ഓഡിറ്ററി വെർബൽ തെറാപ്പി മാതാപിതാക്കളെ കേന്ദ്രീകരിച്ചുള്ള ഒരു പ്രത്യേക തെറാപ്പിയാണ്. ഇതിൽ കുട്ടികളോടൊപ്പം മാതാപിതാക്കളും തെറാപ്പിയിൽ പങ്കെടുക്കുകയും തെറാപ്പിസ്റ്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വീടുകളിൽ തങ്ങളുടെ കുട്ടികൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നു. ഓരോ കുട്ടിയുടെയും കഴിവുകളും പരിമിതികളും മനസിലാക്കി അവർക്കനുയോജ്യമായ പാഠ്യപദ്ധതി തയ്യാറാക്കി അതിൽ മാതാപിതാക്കളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തുകയുമാണ് ഓഡിറ്ററി വെർബൽ തെറാപ്പിയുടെ രീതി.

കുട്ടികളിൽ സംസാരഭാഷ മനസിലാക്കാനുള്ള കഴിവ് വളർത്തിയെടുക്കുക, ആശയവിനിമയം നടത്താനുള്ള കഴിവ് വളർത്തിയെടുക്കുക, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്നിവയാണ് ഓഡിറ്ററി വെർബൽ തെറാപ്പിയുടെ ലക്ഷ്യങ്ങൾ.

ഓഡിറ്ററി വെർബൽ തെറാപ്പി ഒരു ഏർലി ഇന്റെർവെൻഷൻ പ്രോഗ്രാമാണ്. ജനനം മുതൽ 3 വയസ്സുവരെയുള്ള കാലയളവിനുള്ളിൽ കേൾവിക്കുറവ് കണ്ടുപിടിക്കുകയും അനുയോജ്യമായ കേൾവിസഹായി വയ്ക്കുകയും, ഓഡിറ്ററി വെർബൽ തെറാപ്പി നൽകുകയും ചെയ്താലാണ് പ്രയോജനം ലഭിക്കുക.

കേൾവിക്കുറവിൻറെ തോത്, അത് എത്ര തന്നെയായാലും ഓഡിറ്ററി വെർബൽ തെറാപ്പി പ്രയോജനം ചെയ്യാറുണ്ട്. അതിനാൽ കേൾവിസഹായി ഉപയോഗിച്ചുകൊണ്ട് കുട്ടിക്ക് സംസാരഭാഷയിലെ ശബ്ദങ്ങളെല്ലാം കേൾക്കാൻ സാധിക്കണമെന്നു മാത്രം. ഓഡിറ്ററി വെർബൽ തെറാപ്പി കോക്ലീയർ ഇംപ്ലാൻറ് ഉപയോഗിക്കുന്ന കുട്ടികൾക്ക് മാത്രമല്ല പ്രയോജനപ്പെടുന്നത്. ഹിയറിങ് എയ്ഡ്/ BAHA (Born Anchored Hearing Aid) എന്നീ ശ്രവണ സഹായികൾ ഉപയോഗിക്കുന്നവർക്കും പ്രയോജനപ്പെടും.

കേൾവിക്കുറവുള്ള കുട്ടികളിൽ ഏകദേശം 95% പേരുടെയും മാതാപിതാക്കൾ കേൾവിയുള്ളവരാണ്. അതുകൊണ്ട് തന്നെ മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക്

ആശയവിനിമയത്തിനായി സംസാരഭാഷ തിരഞ്ഞെടുക്കുന്നു. ഇതിനായി ശ്രവണത്തിനും സംസാരത്തിനും ഊന്നൽ കൊടുക്കുന്ന ഒരു രീതിയായ ഓഡിറ്ററി വെർബൽ തെറാപ്പിയായിരിക്കും അവർക്ക് ഏറ്റവും അനുയോജ്യമായത്. മാത്രവുമല്ല, ഹിയറിങ് എയ്ഡ്, മറ്റ് ശ്രവണസഹായികൾ എന്നിവയുടെ സാങ്കേതിക വളർച്ച തീവ്രമായ കേൾവിക്കുറവുള്ള കുട്ടികൾക്ക് പോലും ശ്രവണത്തിലൂടെ മാത്രം സംസാരഭാഷ കൈവരിക്കാനുള്ള അവസാരം നൽകുന്നു.ശാസ്ത്രീയമായ നിരവധി പഠനങ്ങളുടെ പിൻബലമുള്ള ഈ വസ്തുതയാണ് ഓഡിറ്ററി വെർബൽ തെറാപ്പിയെ ഇത്രമേൽ പ്രചാരമുള്ളതാക്കിയത്.

ഓഡിറ്ററി വെർബൽ തെറാപ്പി ഒരു കൂട്ടായ പ്രവർത്തനമാണ്. ഓഡിയോളോജിസ്റ്റ്, സ്പീച് ലാംഗ്വേജ് തെറാപ്പിസ്റ്റ്, ഇ.എൻ.റ്റി സ്പെഷ്യലിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ, കുട്ടിയുടെ കുടുംബം തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനമാണ് ഓഡിറ്ററി വെർബൽ തെറാപ്പിയെ അതിൻറെ ലക്ഷ്യത്തിലെത്തിക്കുന്നത്. കേൾവിക്കുറവ് കൃത്യമായി എത്രയും നേരത്തെ കണ്ടുപിടിക്കുക, കേൾവിക്കുറവിന് അനുയോജ്യമായ ശ്രവണസഹായി വയ്ക്കുക, ദിവസം മുഴുവൻ ശ്രവണസഹായിയുടെ ഉപയോഗം ഉറപ്പുവരുത്തുക, ചിട്ടയായ പരിശീലനം ലഭ്യമാക്കുക, ശ്രവണത്തിന് ഊന്നൽ നൽകി കുട്ടിയോട് സന്ദർഭോചിതമായി എല്ലാ അവസരങ്ങളിലും സംസാരിക്കുക, കുടുംബാംഗങ്ങളുടെ പിന്തുണ ഉറപ്പുവരുത്തുക ഇതെല്ലാമാണ് ഓഡിറ്ററി വെർബൽ തെറാപ്പി ഏറ്റവും ഫലപ്രദമാകാൻ വേണ്ട പ്രധാന ഘടകങ്ങൾ.

മേൽപറഞ്ഞ ഘടകങ്ങൾ ഒത്തുചേർന്ന ഒരു പരിശീലനം ലഭിക്കുകയാണെകിൽ കുട്ടിക്ക് ശ്രവണത്തിലൂടെ മാത്രം സംസാരഭാഷ സ്വായത്തമാക്കാനും, കേൾവിയുള്ള കുട്ടികളോടൊപ്പം സാധാരണ സ്കൂളിൽ പഠിക്കാനും സാധിക്കുന്നു. ശ്രവണം മെച്ചപ്പെടുത്തുന്നത്തിലൂടെ കുട്ടിക്ക് സംഗീതം ആസ്വദിക്കാനും ടെലിഫോണിലൂടെ സംഭാഷണത്തിൽ ഏർപ്പെടുവാനും സാധിക്കുന്നു.

ഓഡിറ്ററി വെർബൽ തെറാപ്പിയുടെ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- ശ്രവണം മെച്ചപ്പെടുത്തുവാനുള്ള അന്തരീക്ഷം ഉണ്ടാക്കിയെടുക്കുക.
- സംസാരഭാഷ മനസ്സിലാക്കുവാനും ഉപയോഗിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- മാതാപിതാക്കൾക്ക് ആവശ്യമായ പരിശീലനം നൽകുക.
- കുട്ടിയുടെ പുരോഗതി നിരീക്ഷിച്ച് രേഖപ്പെടുത്തി വിലയിരുത്തുക.

ശ്രവണം മെച്ചപ്പെടുത്തുവാനുള്ള അന്തരീക്ഷം ഉണ്ടാക്കുക എന്നതാണ് ആദ്യത്തെ പടി. അതിനായി ചുറ്റുപാടുമുള്ള ബഹളങ്ങൾ ഒഴിവാക്കുകയും കുട്ടിയുടെ അടുത്ത് നിന്ന് സംസാരിക്കുകയും കുട്ടിക്ക് താല്പര്യമുള്ളതും കുട്ടിയുടെ പ്രായത്തിനനുസരിച്ചുമുള്ള പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുകയും വേണം. ഉച്ചത്തിലല്ലാതെ മിതമായ ശബ്ദത്തിൽ ലഘുവായ വാക്യത്തിലൂടെ വ്യക്തമായി കുട്ടിയോട് സംസാരിക്കുക. കുട്ടിക്കിഷ്ടമുള്ള പ്രവർത്തനങ്ങളിലൂടെ സംസാരഭാഷ മാനസിലാക്കാനും പ്രയോഗിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക എന്നതാണ് അടുത്ത പടി. ഇതിനായി കളികൾ, പുസ്തകവായന, പാട്ട്, സംഭാഷണം, ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

തുടങ്ങിയവ തിരഞ്ഞെടുക്കാം. കുട്ടിയുടെ പുരോഗതി കൃത്യമായി നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും വിലയിരുത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയുമാണ് അടുത്ത പടി.

മേൽപറഞ്ഞ പ്രവർത്തനങ്ങളിലൂടെ സംസാരഭാഷ സ്വായത്തമാക്കുന്ന കുട്ടി താമസിക്കാതെ അത് വേണ്ടവിധം ആശയവിനിമയത്തിന് ഉപയോഗിക്കുവാനും തുടങ്ങും. കുട്ടിയുടെ സമഗ്രമായ ഒരു വികസനമാണ് ഓഡിറ്ററി വെർബൽ തെറാപ്പി ലക്ഷ്യമിടുന്നത്. അതുകൊണ്ട് ശ്രവണശേഷി മെച്ചപ്പെടുത്തുന്നതിനോടൊപ്പം തന്നെ കുട്ടിയുടെ ഭാഷ, സംസാരം, ബുദ്ധിവികാസം എന്നീ മേഖലകളും ഒരേ സമയം വികസിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഓഡിറ്ററി വെർബൽ തെറാപ്പിയിൽ ചെയ്യുന്നത്.